**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6400** **10-07-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യബന്ധനവും ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്‌തീൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മത്സ്യസംഭരണം, ലേലം, വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും ഗുണനിലവാരം ഉറപ്പാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; വ്യക്തമാക്കാമോ? | (എ) | മൽസ്യസംഭരണവും ലേലവും വിപണനവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വപൂർണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും ഗുണനിലവാരം ഉറപ്പാക്കുന്നതിനും വേണ്ടി 2021 ലെ കേരള മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും ആക്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി ചട്ടം രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിൽ ആണ്. ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി ഹാർബറിന്റെ ശരിയായ നടത്തിപ്പിനും പരിപാലനത്തിനുമായി ജില്ലാകളക്ടർ ചെയർമാനും, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ മെമ്പർ സെക്രട്ടറിയുമായി ഹാർബർ മാനേജ്മെന്റ് സൊസൈറ്റി സർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. കൂടാതെ ആക്ടിലെ വ്യവസ്ഥകൾ ഫലപ്രദമായും കാര്യക്ഷമമായും നടപ്പാക്കുന്നതിന് സംസ്ഥാനതല മൽസ്യ ഗുണനിലവാര പരിപാലന കമ്മറ്റി സർക്കാർ രൂപീകരിച്ചിട്ടുണ്ട്.<br><br>മൽസ്യം സുലഭമായ കാലങ്ങളിൽ ശേഖരിച്ച് കോൾഡ് സ്റ്റോറേജുകളിൽ സംഭരിച്ച് മൽസ്യത്തിന്റെ അടിസ്ഥാനവില നിലനിർത്തുന്നതിന് കോൾഡ് സ്റ്റോറേജ് പ്രവർത്തിക്കുന്നതിന് അനുമതിപത്രം ലഭ്യമാക്കണമെന്ന് ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് ഉപഭോക്താക്കൾക്ക് ന്യായമായ വിലയിൽ ഗുണമേന്മയുള്ള മൽസ്യം ലഭ്യമാക്കുന്നതിന് സാധിക്കുന്നതാണ്. ഇത് മൽസ്യലേലത്തിലും വിൽപ്പനയിലും ഉണ്ടാകാൻ ഇടയുള്ള അനാവശ്യ പ്രവണതകളെ നിയന്ത്രിക്കുന്നതിനും മൽസ്യത്തിന്റെ അടിസ്ഥാനവില കാലാകാലങ്ങളിൽ നിശ്ചയിക്കുന്നതിനും സാധിക്കുന്നതാണ്. ഇതിന്റെ ഭാഗമായി മൽസ്യം സംഭരിച്ച് ഉപഭോക്താക്കൾക്ക് എത്തിച്ച് നൽകുന്നതിന് മൽസ്യഫെഡിന്റെ |

| | | | |
|---|---|---|---|
| | | | നേതൃത്വത്തിൽ ഫിഷ് മാർട്ടുകളും, അന്തിപ്പച്ച യൂണിറ്റുകളും നടത്തിവരുന്നു. ആരോഗ്യപരമായ ചുറ്റുപാടിൽ ഗുണമേന്മയുള്ള മൽസ്യം വിപണനം ചെയ്യുന്നതിന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി മൽസ്യമാർക്കറ്റുകളുടെ നിർമ്മാണവും നവീകരണ പ്രവർത്തനങ്ങളും നടത്തി വരുന്നു. സംസ്ഥാന ബഡ്ജറ്റ് വിഹിതം, നബാർഡിന്റെ ഗ്രാമീണാടിസ്ഥാന സൗകര്യ വികസന പദ്ധതി, ബ്ലൂ റെവല്യൂഷൻ, കിഫ്ബി പദ്ധതി, പി.എം.എം.എസ്.വൈ. പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി 56 മൽസ്യമാർക്കറ്റുകളുടെ നവീകരണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ